സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് വാങ്ങിയ സാധനങ്ങൾ

707 [1031] ശ്രീ. റഫീ. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977–78 സാമ്പത്തിക വർഷത്തിൽ സ്റ്റോഴ്സ് പർച്ചേസ വകുപ്പ് എത്ര രൂപയുടെ സാധനങ്ങൾ വാങ്ങി;

(ബി) ഇതിൽ കേരളത്തിലെ ചെറുകിട വ്യവസായികളിൽനിന്നും എന്തു തുകയ്ക്കുള്ള സാധനങ്ങൾ വാങ്ങി;

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയ സാധനങ്ങൾ എന്തെല്ലാമാണ്; എത്ര തുകയ്ക്കു വാങ്ങി?

ഉത്തരം

(എ) സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് നേരിട്ട് സാധനങ്ങൾ വാങ്ങാറില്ല. ഓരോ വകുപ്പിനും ആവശ്യമുള്ള സാധനങ്ങൾ അതതു വകുപ്പ് മേധാവി തന്നെ സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകളനുസരിച്ച് വാങ്ങുകയാണ് ചെയ്യുന്നത്.

(ബി, സി) ഉദിക്കുന്നില്ല.

ഫൈനാൻഷ്യൽ എൻറർപ്രൈസസിന്റെ ചിട്ടികൾ

708 [1033] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ ഫൈനാൻഷ്യൽ എൻറർപ്രൈസസിന് എത്ര രൂപാ ലാഭം കിട്ടി;

(ബി) ഒട്ടാകെ എത്ര ചിട്ടികൾ നടത്തി; ഇപ്പോൾ എത്ര ചിട്ടികൾ നടത്തുന്നുണ്ട്;

(സി) ചിട്ടി കുടിശ്ശിക ഇനത്തിൽ ഇതുവരേയ്ക്കും എത്ര തുക പിരിഞ്ഞു കിട്ടുവാൻ ഉണ്ട്; ഓരോ കൊല്ലവും എത്ര വീതം ;

(ഡി) ഈ കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തു നടപടി സ്വീകരിച്ചു; എന്തു തുക പിരിച്ചെടുത്തു?

ഉത്തരം

(എ) 1977–78 സാമ്പത്തിക വർഷത്തിൽ കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എൻറർ പ്രൈസസ് 24,28,124 രൂപാ ലാഭം ഉണ്ടാക്കി. 1978-79-ലെ കമ്പനിക്കണക്കുകൾ തയ്യാറാക്കുന്നതേയുള്ളു.

(ബി) ഈ കമ്പനി ഇതുവരെ ആകെ 890 ചിട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 545 എണ്ണം പൂർത്തിയായി. ഇപ്പോൾ 345 എണ്ണം നടന്നു കൊണ്ടിരിക്കുന്നു.

(സി) ചിട്ടി കുടിശ്ശിക ഇനത്തിൽ 1-3-79-വരെ, 1,40,00,022.98 (ഒരു കോടി നാൽപ്പതു ലക്ഷത്തി ഇരുപത്തി രണ്ടു രൂപാ 98 പൈസാ) പിരിഞ്ഞു കിട്ടുവാനുണ്ട്. വർഷം തിരിച്ചുള്ള കണക്ക് തയ്യാറാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശമ്പള നിക്കുവറി നടപടികളും അനുസരിച്ചും റവന്യൂ റിക്കുവറി നടപടി നിയമങ്ങളും അനുസരിച്ചും കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടികളും എടുത്തു വരുന്നു.

ശ്രീകൃഷ്ണപുരം, കൊല്ലങ്കോട് സബ് ട്രഷറികളും

709 [1034] ശ്രീ. എം. കെ. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന ശ്രീകൃഷ്ണപുരം, കൊല്ലങ്കോട് സബ് ട്രഷറികളും തുറക്കാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ രണ്ട് സബ് ട്രഷറികളും തുറക്കുവാനുള്ള എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയെന്നു പറയുമോ;

(ഡി) എന്നേയ്ക്കു ഈ സബ് ട്രഷറികളും പ്രവർത്തനമാരംഭിക്കുമെന്ന് പറയുമോ?

ഉത്തരം

(എ) ശ്രീകൃഷ്ണപുരത്ത് ഒരു സബ് ട്രഷറി ആരംഭിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും അത് ആരംഭിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടില്ല. കൊല്ലങ്കോട് സബ് ട്രഷറി ആരംഭിക്കുവാൻ ഇതേവരെ ഗവൺമെന്റ് തീരുമാനമൊന്നും എടുത്തിട്ടില്ല. പക്ഷെ അതിലേയ്ക്ക് പഞ്ചായത്ത് അപേക്ഷിച്ചിട്ടുണ്ട്. അതിൻമേൽ ട്രഷറി ഡയറക്ടർ വിശദമായ അന്വേഷണം നടത്തി വരുന്നു.

(ബി) ശ്രീകൃഷ്ണപുരത്ത് സബ് ട്രഷറി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ശ്രീകൃഷ്ണപുരം പഞ്ചായത്തു കെട്ടിടത്തിൽ ചില വ്യതിയാനങ്ങൾ വരുത്തി ഒരു സ്ട്രോംഗ്റൂമും കൗണ്ടറും പണി കഴിപ്പിച്ചു ട്രഷറി ആവശ്യത്തിലേയ്ക്ക് വാടകകൂടാതെ വിട്ടുതരാമെന്ന് പഞ്ചായത്ത് സമ്മതിച്ചിട്ടുണ്ട്. അതനുസരിച്ച് കെട്ടിടത്തിൽ വരുത്തേണ്ട വ്യതിയാനങ്ങളുടേയും സ്ട്രോഗ് റൂമും കൗണ്ടർ എന്നിവയുടെ പ്ലാൻ ട്രഷറി ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്. എത്രയും വേഗം പണി പൂർത്തിയാക്കി കെട്ടിടം ട്രഷറിക്കു വിട്ടു തരണമെന്നുള്ള നിർദ്ദേശം ട്രഷറി ഡയറക്ടർ പഞ്ചായത്തിനു നൽകിയിട്ടുണ്ട്.

(ഡി) ശ്രീകൃഷ്ണപുരം സബ് ട്രഷറിയെ സംബന്ധിച്ച കെട്ടിടത്തിൽ സ്ട്രോംഗ് റൂമിന്റേയും കൗണ്ടറിന്റേയും മറ്റു വ്യതിയാനങ്ങളുടേയും പണി പൂർത്തിയാക്കി കെട്ടിടം സർക്കാരിലേക്ക് വിട്ടു തരുന്നതനുസരിച്ച് ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതാണ്.

ഫൈനാൻഷ്യൽ എൻറർപ്രൈസസിന്റെ ശാഖകൾ

710 [1035] ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. കെ. സുകുമാരനുണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly